പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2054.                05.10.2016 ന് മറുപടിയ്ക്ക്

**കേരളത്തിലെ പ്രധാന ടൂറിസ്റ്റ് മേഖലകളിൽ പുതിയ ബാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ പ്രധാന ടൂറിസ്റ്റ് മേഖലകളിൽ പുതിയ ബാറുകൾ തുടങ്ങുവാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നിലവിൽ സാധുവായ 5 സ്റ്റാർ ക്ലാസ്സിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉള്ള ഹോട്ടലുകൾക്ക് മറ്റ് യോഗ്യത കളെല്ലാമുണ്ടെങ്കിൽ ബാർ അനുവദിക്കുവാൻ വ്യവസ്ഥയുണ്ട്. ടൂറിസ്റ്റ് മേഖലയിൽ ബാർ ലൈസൻസ് അനുവദിച്ചു നൽകുന്നതിന് പ്രത്യേക പദ്ധതികളൊന്നും എക്സൈസ് വകുപ്പ് തയ്യാറാക്കി യിട്ടില്ല. |
| (ബി) | മദ്യത്തിന്റെ ലഭ്യതക്കുറവ് മൂലം ടൂറിസ്റ്റ് മേഖലകളിൽ മയക്കുമരുന്നിന്റെ ഉപയോഗം കൂടുതലായി ഉണ്ടായിട്ടുണ്ടെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. നിയമവിധേയ മദ്യത്തിന്റെ ലഭ്യത കുറഞ്ഞ സാഹചര്യത്തിൽ നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം വർദ്ധിയ്ക്കുവാനിടയായിട്ടുണ്ട്. കൈവശം വച്ച് ഉപയോഗിക്കുവാൻ കഴിയുന്ന അനുകൂല സാഹചര്യം ലഹരി പദാർത്ഥങ്ങളുടെയും മയക്ക് മരുന്നുകളുടെയും വിപണനവും ഉപഭോഗവും വർദ്ധിച്ച് വരുന്നതിന് കാരണമായിട്ടുണ്ട്.<br>മയക്കുമരുന്നിന്റെ ഉപയോഗത്തിന് എതിരെയുള്ള ബോധവൽക്കരണവും, മയക്കുമരുന്നുപയോഗം കണ്ടെത്തി കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ നൽകുന്നതിനുള്ള ശ്രമവും ഇത്തരം മേഖലകളിൽ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ